# പതിനാലാം കേരള നിയമസഭ
## പത്താം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.415** **27.02.2018-ൽ മറുപടിയ്ക്ക്**

## കെ.എസ്.എഫ്.ഇ യുടെ സാമ്പത്തിക സ്ഥിതി

| | ചോദ്യം<br>ശ്രീ.കെ.മുരളീധരൻ : | | മറുപടി<br>ഡോ.ടി.എം.തോമസ് ഐസക്<br>(ധനകാര്യവും കയറും വകുപ്പുമന്ത്രി) |
|---|---|---|---|
| (എ) | ഈ സർക്കാർ അധികാരത്തിൽ വന്നപ്പോൾ എത്ര കോടി രൂപ റിസർവ് മണിയായും ട്രഷറി നിക്ഷേപമായും ബാങ്ക് നിക്ഷേപമായും മറ്റ് നീക്കിയിരിപ്പുകളുമായി കെ.എസ്.എഫ്.ഇ യിൽ ഉണ്ടായിരുന്നുവെന്ന് വ്യക്തമാക്കാമോ; ഈ നിക്ഷേപങ്ങളിൽ എത്ര കോടി രൂപ സർക്കാർ ഖജനാവിലേക്ക് നിക്ഷേപിച്ചിട്ടുണ്ട്; | (എ) | കെ.എസ്.എഫ്.ഇ. യുടെ 31.03.2016 ലെ വാർഷിക കണക്ക് പ്രകാരമുള്ള നിക്ഷേപത്തിന്റെ വിശദ വിവരങ്ങൾ ചുവടെ ചേർക്കുന്നു.<br>(കോടി രൂപയിൽ)<br>1. ട്രഷറി നിക്ഷേപം (ചിട്ടി സെക്യൂരിറ്റി നിക്ഷേപം) 1590<br>2.ട്രഷറി നിക്ഷേപം (മറ്റുള്ളവ) 1306<br>3.ബാങ്ക് നിക്ഷേപം 106<br><br>ബാങ്ക് നിക്ഷേപം ഒഴികെയുള്ള നിക്ഷേപമായ 2896 കോടി രൂപ സർക്കാർ ട്രഷറിയിൽ ആണ് നിക്ഷേപിച്ചിട്ടുള്ളത്. |
| (ബി) | അധിക നിക്ഷേപം സർക്കാർ ഖജനാവിലേക്ക് നിക്ഷേപിച്ചത് കാരണം കെ.എസ്. എഫ്.ഇ. യുടെ വായ്പകൾ നല്കുന്നതിലേക്കായി മറ്റ് ബാങ്കുകളെ സമീപിക്കേണ്ട സാഹചര്യം ഉണ്ടായിട്ടുണ്ടോ;വിശദാംശങ്ങൾ വ്യക്തമാക്കുമോ; | (ബി) | ഇല്ല. |
| (സി) | കെ.എസ്.എഫ്.ഇ.യുടെ വിവിധ കാലഘട്ടങ്ങളിൽ സ്വരൂപിച്ച നിക്ഷേപങ്ങൾ കെ.എസ്.എഫ്.ഇ.യുടെ ആവശ്യങ്ങൾക്കല്ലാതെ വിനിയോഗിക്കേണ്ട സാഹചര്യം ഉണ്ടായിട്ടുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കുമോ? | (സി) | ഉണ്ട്. കെ.എസ്.എഫ്.ഇ. വിവിധ കാലഘട്ടത്തിൽ സ്വരൂപിച്ച നിക്ഷേപങ്ങൾ ജാമ്യമായി നൽകി വിവിധ ബാങ്കുകളിൽ നിന്നായി 2016-17 ൽ 370 കോടി രൂപയും 2017-18 ൽ 1705 കോടി രൂപയും കടമെടുത്തിട്ടുണ്ട്. ഇതിൽ 370 കോടി രൂപ തിരിച്ചടച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ